**പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ പിന്നോക്ക സമുദായങ്ങൾക്ക് ലഭ്യമായ മെരിറ്റ് സംവരണമായി കണക്കാക്കിയ നടപടി**

**22 (3759)** ശ്രീ. എം. കെ. പോൾസൺമാസ്റ്റർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇപ്പോഴത്തെ ചെയർമാൻ സ്ഥാനമേറ്റെടുത്തശേഷം പി.എസ്.സി. ഉണ്ടാക്കിയ ഉദ്യോഗ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റുകളിൽ ഏതിലെല്ലാം പിന്നോക്ക സമുദായങ്ങൾക്ക് മെറിറ്റ് കാറ്റഗറിയിൽ നിയമനം നേടുവാനുള്ള അർഹതയുണ്ടായി ;

(ബി) ഇവർക്ക് നിയമനം നൽകിയത് മെരിറ്റ് കാറ്റഗറിയിലാണോ, റിസർവേഷൻ കാറ്റഗറിയിലാണോയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാലത്ത് മെരിറ്റ് കാറ്റഗറിയിൽ നിയമനം നേടിയവർ സംവരണ കാറ്റഗറിയിൽ നിയമിക്കപ്പെട്ടതായി കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഈ കാലത്ത് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർ മെരിറ്റ് കാറ്റഗറിയിൽ നിയമനം നേടുവാൻ അർഹത ഉണ്ടായതിന്റെ പേരിൽ അത്തരക്കാരുൾപ്പെടുന്ന റാങ്ക്‌ലിസ്റ്റുകളിൽ നിന്ന് നിയമനം നൽകാതെ റാങ്ക്‌ലിസ്റ്റ് ലാപ്സാക്കിയിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**അഡ്വൈസ് മെമ്മോ അയച്ചവർക്ക് നിയമനം നൽകാൻ നടപടി**

**23 (3760)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഏതൊക്കെ തസ്തികകളിൽ നിയമനത്തിനായി പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കൊല്ലം ജില്ലയിൽ എൽ.പി/യു.പി അദ്ധ്യാപക നിയമനത്തിന് എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) നാളിതുവരെ അഡ്വൈസ് മെമ്മോ അയച്ച എത്രപേർക്ക് ഈ സർക്കാർ വന്നതിനുശേഷം നിയമനം നൽകി എന്ന് വെളിപ്പെടുത്താമോ ;

(ഡി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളതും അഡ്വൈസ് മെമ്മോ അയച്ചതുമായ തസ്തികളിലേക്ക് ദിവസക്കൂലിയിൽ ആളെ നിയമിക്കുന്ന നടപടി അവസാനിപ്പിക്കുവാൻ എന്തു നിർദ്ദേശമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

**വനിതാ ജീവനക്കാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനം**

**24 (3762)** ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽ എത്ര വനിതാ ജീവനക്കാരുണ്ട് ;

(ബി) ഇതിൽ ക്ലാസ് 1 സർവ്വീസിൽപ്പെട്ടവർ എത്രയാണ് ;

(സി) വനിതാ ജീവനക്കാരുടെ ക്ഷേമത്തിനു വേണ്ടി ഗവൺമെന്റ് എന്തെല്ലാം പരിപാടികൾ നടപ്പാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് അപേക്ഷ നൽകുന്നതിന് ക്ലാസ്സ് 3, ക്ലാസ്സ് 4 ജീവനക്കാർക്കുള്ള ഇളവുകൾ**

**25 (3763)** ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവയിലേക്കുള്ള അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് അപേക്ഷ നൽകുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ക്ലാസ് 3, ക്ലാസ് 4 ജീവനക്കാർക്ക് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാന സർവ്വീസിൽ നാലുവർഷം പിന്നിട്ട ടൈപ്പിസ്റ്റുമാർക്കും ക്ലാർക്കുമാർക്കും ബിരുദയോഗ്യത ഇല്ലാതെതന്നെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ആയുള്ള തെരഞ്ഞെടുപ്പിന്, പി.എസ്.സി. നടത്തുന്ന മത്സരപ്പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. ഇങ്ങനെ മത്സരിക്കുന്നവർക്ക് പി.എസ്.സി. അപേക്ഷ ക്ഷണിക്കുന്ന വർഷത്തിലെ ജൂലൈമാസം 1-ാം തീയതി 35 വയസ്സ് തികഞ്ഞിരിക്കേണ്ടതും, പട്ടികജാതി, പട്ടികവർഗ്ഗം, പിന്നോക്ക വിഭാഗം എന്നിവർക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly